30.10.2024

**പത്രക്കുറിപ്പ്**

## കേരളപ്പിറവി ദിനത്തിൽ കേരളത്തിലെ 916 ടൗണുകൾ ഹരിത സുന്ദരമാകുന്നു

മാലിന്യമുക്തനവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ 916 നഗരങ്ങളെ നവംബർ 1 കേരളപ്പിറവി ദിനത്തിൽ ഹരിത ടൗണുകളായി പ്രഖ്യാപിക്കും. ഇതൊടൊപ്പം 553 പൊതുസ്ഥലങ്ങൾക്കും ഹരിത പദവി നൽകും. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ഒരു ടൗൺ വീതമാണ് ആദ്യ ഘട്ടത്തിൽ ഹരിത ടൗൺ പദവി നൽകുന്നത്.

മാലിന്യം തരംതിരിച്ചു നിക്ഷേപിക്കാനുള്ള ബിന്നുകൾ, ജൈവമാലിന്യം ഉണ്ടെങ്കിൽ അവ സംസ്കരിക്കാനുള്ള/ കൈമാറാനുള്ള സംവിധാനം, ദ്രവമാലിന്യം പുറത്തേയ്ക്ക് ഒഴുക്കാതെ സംസ്കരിക്കാനുള്ള സംവിധാനം, പൊതുശുചിത്വം, കൃത്യമായ ഇടവേളകളിൽ ശുചീകരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ, പൊതുജനങ്ങൾക്കായി നിർദേശക ബോർഡുകൾ, പാതയോരത്ത് വൃക്ഷവത്കരണം, ഗാർഡനിങ്, പൂച്ചട്ടികൾ, ചുമർ ചിത്രങ്ങൾ, ഇരിപ്പിടങ്ങൾ എന്നിങ്ങനെ വിവിധ ശുചിത്വ സൗന്ദര്യവത്ക്കരണ പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് ഹരിത ടൗണിനെ തിരഞ്ഞെടുക്കുന്നത്.

പത്തനംതിട്ട കൈപട്ടൂർ കിഴക്കേ ജംഗ്ഷൻ, ആലപ്പുഴ എഴുപുന്ന ഗ്രാമപഞ്ചായത്ത് ശ്രീനാരായണപുരം ജംഗ്ഷൻ, കണ്ണൂർ ചെറുതാഴം പഞ്ചായത്ത് മണ്ടൂർ ടൌൺ, എറണാകുളം കൂത്താട്ടുകുളം വൈ.എം.സി.എ ജംഗ്ഷൻ, ഇടുക്കി കമ്പിളികണ്ടം, കാസർഗോഡ് കയ്യൂർ ജംഗ്ഷൻ, കോഴിക്കോട് വള്ളിക്കാട് (ചോറോട് ഗ്രാമപഞ്ചായത്ത്) കീഴരിയൂർ ജംഗ്ക്ഷൻ,തൃശ്ശൂർ ഗുരുവായൂർ മഞ്ജുളാൽ പരിസരം എന്നിവ ആദ്യഘട്ടത്തിൽ ഹരിത പദവി നേടുന്നവയുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നുമായി 916 ടൗണുകൾക്കാണ് തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളപ്പിറവി ദിനത്തിൽ ഹരിത പദവി നൽകുന്നത്. വ്യാപാരിവ്യവസായി, ഓട്ടോ ടാക്സി ഡ്രൈവർമാർ, ക്ലബ്ബുകൾ, സംഘടനകൾ, വിദ്യാർഥികൾ, പൊതുജനങ്ങൾ തുടങ്ങിയവർ ഉൾപ്പെടുന്ന ജനകീയ പരിപാലന സമിതികളാണ് ഹരിത സുന്ദര ടൗണുകളെ സുസ്ഥിരമായി നിലനിർത്തുന്നതിനായി നേതൃത്വം നൽകുന്നത്. മാലിന്യമുക്തനവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി 2024 ഡിസംബർ 31 ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മുഴുവൻ പൊതുസ്ഥലങ്ങളും സമ്പൂർണ ശുചിത്വ സ്ഥലമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മാലിന്യ നിക്ഷേപം ഉണ്ടാകാനിടയുള്ള പൊതുസ്ഥലങ്ങൾ വീണ്ടെടുക്കുന്ന പ്രവർത്തനങ്ങളും മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 553 പൊതുസ്ഥലങ്ങൾക്ക് നവംബർ 1 ന് ഹരിത പദവി നൽകും.

**മാതൃകയായി മൂന്നുപെരിയ**

കണ്ണൂർ - കൂത്തുപറമ്പ് റൂട്ടിലെ പെരളശേരി ഗ്രാമപഞ്ചായത്തിലേ മൂന്നുപെരിയ ടൌൺ ഹരിത ടൌണിന്റെ ഏറ്റവും മനോഹരമായ മാതൃകകളിൽ ഒന്നാണ്. ചെടികളും പൂക്കളും ചിത്രങ്ങളും ശലഭങ്ങളുമാണ് ഒക്കെയാണ് ഈ ടൗണിലെത്തുന്നവരെ വരവേൽക്കുന്നത്. റോഡരികിൽ മൂന്നുപെരിയ തീർക്കുന്ന വിസ്മയത്തിന് പിന്നിൽ കർമ്മനിരതരായ ഒരുകൂട്ടം ആളുകളുടെ നിതാന്ത ജാഗ്രതയുണ്ട്. മോടിപിടിപ്പിച്ച ടൗണിനെ കൂടുതൽ മോടിയോടെ പരിപാലിക്കാനും നിലനിർത്താനുമുള്ള പരിശ്രമത്തിലാണ് എ.കെ.ജി. വായനശാലയുടെ 30 പേരടങ്ങിയ 'ടീം മൂന്നുപെരിയ'. 19 മാസമായി അവർ ടൗണിനെ ശുചിയായി സൂക്ഷിക്കുന്നുണ്ട്.

പെരളശേരി ഗ്രാമപഞ്ചായത്ത്, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ എന്നിവർക്കൊപ്പം ഗ്രാമപഞ്ചായത്ത് അംഗങ്ങളും പദ്ധതിയുമായി സഹകരിക്കുന്നു. നഗരസൗന്ദര്യവൽക്കരണ പദ്ധതിയുടെ ഭാഗമായി നഗരത്തിൽ 160 ചെടിച്ചട്ടികൾ സ്ഥാപിച്ചു. നഗരത്തിൽ കുന്നുകൂടിയ മാലിന്യങ്ങൾ മാറ്റി പൂന്തോട്ടം നിർമ്മിച്ചിരിക്കുന്നു തുടങ്ങിയ ഹരിത മാതൃകയാണ് കണ്ണൂർ ജില്ലയിലെ മൂന്നുപെരിയ ഏറ്റെടുത്തിരിക്കുന്നത്.

**പബ്ലിക് റിലേഷൻസ് ഓഫീസർ**
9447587632